പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4766 28.06.2013 - ൽ മറുപടിയ്ക്ക്

## നിരാലംബരായ വൃദ്ധജനങ്ങൾക്ക് 'കൺവാലസന്റ് ഹോം'

ചോദ്യം
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തെരുവിൽ ഉപേക്ഷിക്കപ്പെട്ട വരോ, പരിചരിക്കാൻ ആരുമില്ലാത്തവരോ ആയ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ദുർബല വിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ ; | (എ) | അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞ് തിരിയുന്നവരും രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രികളിൽ കഴിയുവാൻ നിർബന്ധിതരുമായ ദൗർഭാഗ്യർക്ക് സംരക്ഷണം നൽകുന്ന 'ദുർബല വിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്നതിനുള്ള പദ്ധതി' സാമൂഹ്യ നീതി വകുപ്പ് വഴി 2004 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ആയത് വൃദ്ധ ജനങ്ങൾക്കായി മാത്രം നിജപ്പെടുത്തിയിട്ടില്ല. |
| (ബി) | എങ്കിൽ ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് ഇത്തരം പദ്ധതികളുള്ളത് ; | (ബി) | നിലവിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | ഇത് മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുമോ ; | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി എൻ.ജി.ഒ. വഴി നടപ്പിലാക്കുന്നതിന് നടപടികൾ കൈക്കൊണ്ട് വരുന്നു. |
| (ഡി) | മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് ഇത്തരക്കാരെ പുനരധിവസിപ്പിക്കാൻ 'കൺവാലസന്റ് ഹോം' സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

R. Vijay...

സെക്ഷൻ ഓഫീസർ